1394686/2026

പോലീസ് വകുപ്പ്

കേരളം

**PROCEEDINGS OF THE DISTRICT POLICE CHIEF**

ജില്ലാ പോലീസ് ഓഫീസ്, മലപ്പുറം

**സാന്നിദ്ധ്യം : ചൈത്ര തെരേസ ജോൺ ഐപിഎസ്**

വിഷയം : ശ്രീ.സുമേഷ് കുമാർ.വി (PEN:188804), സി.പി.ഒ 3691എന്നവർക്കെതിരായ അച്ചടക്ക നടപടി -വാച്യാന്വേഷണം - അന്തിമ തീർപ്പ് കൽപ്പിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് .

സൂചന : 1) 22-11-2022 തിയ്യതിയിലെ A5(b)-75318/2022/MM നമ്പർ ഉത്തരവ്.
2) 17-01-2023 തിയ്യതിയിലെ ജില്ലാ പോലീസ് മേധാവിയുടെ എച്ച്2/പി.ആർ/ 4 /2023/എം.എം. നമ്പർ ഉത്തരവ്.
3) വേങ്ങര ഐ.എസ്.എച്ച്.ഒ. 07.05.2025 തീയതി സമർപ്പിച്ച പി.ആർ മിനുറ്റ്സും അനുബന്ധ രേഖകളും.
4) ജില്ലാ പോലീസ് മേധാവിയുടെ 15-05-2025 തീയതിയിലെ എച്ച്2-100211/2024/എം.എം നമ്പർ നോട്ടീസ്.
5) ജില്ലാ പോലീസ് മേധാവിയുടെ 30-01-2026 തീയതിയിലെ എച്ച്2-100211/2024/എം.എം നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

ഉത്തരവ് നമ്പർ : **H2-100211/2024/MM** തീയതി. **23-03-2026**

(H2/PR-04/2023/MM)

ശ്രീ.സുമേഷ് കുമാർ.വി (PEN:188804), സി.പി.ഒ 3691 എന്ന സേനാംഗം വളാഞ്ചേരി പോലീസ് സ്റ്റേഷനിൽ ജോലിചെയ്തു വരവേ, 01/12/2012 തിയ്യതി മുതൽ ദീർഘകാല അവധിയിൽ പ്രവേശിക്കുകയും , അനുവദിച്ചിട്ടുള്ള അവധി കഴിഞ്ഞ് 01.10.2022 തിയ്യതി തിരികെ ജോലിയിൽ പ്രവേശിക്കേണ്ട സേനാംഗം, ജോലിയിൽ പ്രവേശിക്കാതെ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്ന സാഹചര്യത്തിൽ പോലീസ് സ്റ്റാൻഡിംഗ് ഓർഡർ 147, പി.എച്ച്.ക്യൂ സർക്കുലർ 22/74 എന്നിവ പ്രകാരം ശ്രീ.സുമേഷ് കുമാർ.വി യ്ക്ക് അനക്സർ 1, അനക്സർ 2 നോട്ടീസ് നല്കാൻ തയ്യാറാക്കിയിട്ടുള്ളതും , കുറ്റാരോപിതന്റെ ഭാര്യ മെമ്മോകൾ കൈപ്പറ്റുകയും ചെയ്തിട്ടുള്ളതുമാണ് .ആയതിനു ശേഷം ടി സേനാംഗം ജോലിയിൽ പ്രവേശിക്കുകയോ മതിയായ കാരണങ്ങൾ ബോധിപ്പിക്കുകയോ ചെയ്യാത്തതിനാലും,മനപൂർവ്വം ഡ്യൂട്ടിയിൽ നിന്ന് വിട്ടുനിന്നതിനാലും പോലീസ് സ്റ്റാൻഡിംഗ് ഓർഡർ 147 വകുപ്പ് പ്രകാരം 01.10.2022 തിയ്യതി മുതൽ പോലീസ് സേനയിൽ നിന്നും ടി സേനാംഗത്തെ ഒളിച്ചോടിപ്പോയവനായി പ്രഖ്യാപിച്ച് സൂചന (1) പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

അച്ചടക്കസേനയിലെ ഉത്തരവാദിത്തപ്പെട്ട സേനാംഗമായ ശ്രീ.സുമേഷ് കുമാർ.വി അനധികൃതമായി സേനയിൽനിന്നും വിട്ടുനിൽക്കുക വഴി പോലീസ് ആക്ടിലെ ബന്ധപ്പെട്ട വകുപ്പുകൾ ലംഘിക്കുകയും, ,ശൂന്യവേതനാവധി അനുവദിച്ച ഉത്തരവുകളിലെ നിർദേശങ്ങൾ ലംഘിക്കുകയും, പാലിക്കപ്പെടാതിരിക്കുകയും ചെയ്തത് ടി സേനാംഗത്തിന്റെ ഭാഗത്തുനിന്നുമുണ്ടായ അച്ചടക്കലംഘനവും, കൃത്യവിലോപവും, നിരുത്തരവാദിത്തവുമാണെന്നു പ്രഥമദൃഷ്ട്യാ ബോധ്യമായതിൻറെ അടിസ്ഥാനത്തിൽ, ഈ കാര്യത്തിൽ കൂടുതൽ അന്വേഷണം വേണമെന്നുള്ളതിനാൽ ആരോപിത കുറ്റങ്ങളെക്കുറിച്ച് ടി സേനാംഗത്തിനെതിരായി 1958 ലെ കേരളാ പോലീസ് ഡിപ്പാർട്ട്മെൻറൽ എൻക്വയറീസ് പണിഷ്മെൻ്റ് ആൻറ് അപ്പീൽ റൂൾസ് പ്രകാരം വിശദമായ വാച്യാന്വേഷണം നടത്തുന്നതിന് ഇൻസ്പെക്ടർ എസ്.എച്ച്.ഒ വേങ്ങരയെ ചുമതലപ്പെടുത്തിക്കൊണ്ടു സൂചന (2)പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

ആരോപിക്കപ്പെട്ട കുറ്റങ്ങളെക്കുറിച്ച് വിശദമായ വാച്യാന്വേഷണം നടത്തി അന്വേഷണോദ്യോഗസ്ഥൻ സൂചന (3) പ്രകാരം അന്വേഷണ വിചാരണപത്രിക സമർപ്പിച്ചത് പ്രകാരം, പി.ആർ മിനുട്സ് പകർപ്പ് സഹിതം നോട്ടീസ് കുറ്റാരോപിതനു നൽകുന്നതിന് മേൽ വായന (4) പ്രകാരം തയ്യാറാക്കിയത് ശ്രീ.സുമേഷ് കുമാർ.വി എന്നയാൾ വിദേശത്ത് ആയതിനാൽ ഭാര്യ പ്രജിത കൈപ്പറ്റുകയും,ടി സേനാംഗം സമാധാനം ബോധിപ്പിക്കുകയോ ജോലിയിൽ പ്രവേശിക്കുകയോ ഉണ്ടായില്ല.

ഇതിൻറെ അടിസ്ഥാനത്തിൽ പി.ആർ മിനുട്ട്സിൽ അന്വേഷണ ഉദ്യോഗസ്ഥൻ കണ്ടെത്തിയ നിഗമനത്തോട് പൂർണ്ണമായും യോജിച്ചുകൊണ്ട് മേൽ കുറ്റത്തിനുള്ള ശിക്ഷയായി ശ്രീ.സുമേഷ് കുമാർ.വി (PEN:188804), സി.പി.ഒ 3691 എന്ന സേനാംഗത്തെ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിനായി (Removal from service) താത്കാലികമായി തീരുമാനിച്ച്, ടി തീരുമാനം സ്ഥിരപ്പെടുത്താതിരിക്കാൻ തക്ക എന്തെങ്കിലും ബോധിപ്പിക്കുന്നതിനാവശ്യപ്പെട്ട് സൂചന (5) പ്രകാരം ഒരു കാരണം കാണിക്കൽ നോട്ടീസ് കുറ്റാരോപിതന് നൽകിയിട്ടുള്ളതാണ്. ആയതിന് ടിയാൻ യാതൊരു സമാധാനവും ഈ കാര്യാലയത്തിൽ സമർപ്പിച്ചിട്ടില്ല .കാരണം കാണിക്കൽ നോട്ടീസ് പത്രത്തിൽ പ്രസിദ്ധപ്പെടുത്തുകയും ,ഇലക്ട്രോണിക് മാധ്യമങ്ങൾ വഴി കുറ്റാരോപിതനെ അറിയിച്ചിട്ടുള്ളതുമാണ്.

മേൽ സാഹചര്യത്തിൽ ശ്രീ.സുമേഷ് കുമാർ.വി (PEN:188804), സി.പി.ഒ 3691 എന്ന സേനാംഗത്തിന് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ മേൽ താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നു. ആയത് പ്രകാരം, ശ്രീ.സുമേഷ് കുമാർ.വി (PEN:188804), സി.പി.ഒ 3691. എന്ന സേനാംഗം അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്ന 01.10.2022 തിയ്യതി മുതൽ സർവീസിൽ നിന്നും **നീക്കം ചെയ്തുകൊണ്ട് (Removed from service)** ടിയാനെതിരായ അച്ചടക്ക നടപടിയിൽ തീർപ്പ കൽപിച്ച് ഇതിനാൽ ഉത്തരവാകുന്നു.

മേൽ ഉത്തരവിനെതിരായി കുറ്റാരോപിതന് തൃശ്ശൂർ മേഖലാ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസിന് മുൻപാകെ രണ്ട് മാസത്തിനകം അപ്പീൽ സമർപ്പിക്കാവുന്നതാണ്.

23-03-2026

ചൈത്ര തെരേസ ജോൺ ഐപിഎസ്,
ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : ശ്രീ.സുമേഷ് കുമാർ.വി (PEN:188804), സി.പി.ഒ 3691 എന്നവർക്ക് വളാഞ്ചേരി സ്റ്റേഷൻ ഹൌസ് ആഫീസ്സർ മുഖേന .

പകർപ്പ് : വളാഞ്ചേരി സ്റ്റേഷൻ ഹൌസ് ആഫീസ്സർക്ക് ഇരട്ടപ്പകർപ്പിൽ - ഒരു പകർപ്പ് കുറ്റരോപിതന് നൽകി മറുപകർപ്പിൽ തിയതിയും സമയവും സഹിതമുള്ള ലക്ഷ്യം ലഭ്യമാക്കിയോ /നേരിട്ട് നൽകുന്നതിന് സാധിച്ചില്ലെങ്കിൽ നോട്ടീസ് പകർപ്പ് ടിയാൻറെ വീട്ടിൽ രണ്ട് പൊതുസാക്ഷികളുടെ സാന്നിദ്ധ്യത്തിൽ പതിച്ച നടപ്പാക്കിയോ ഈ കാര്യാലയത്തിലേക്ക തിരിച്ചയക്കേണ്ടതാണ്.

2) സംസ്ഥാന പോലീസ് മേധാവി കേരളം, ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് ഉത്തരമേഖല, ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് തൃശ്ശൂർ റേഞ്ച് എന്നിവർക്ക് ഉപരിപത്രം സഹിതം അറിവിന്.

3) മലപ്പുറം ജില്ലയിലെ എല്ലാ പോലീസ് ആഫീസർ മാർക്കും അറിവിലേക്കായി.

4) ഡി വൈ എസ് പി, സി ബ്രാഞ്ച് മേല് ഉത്തരവ് പ്രമുഖ ദിന പത്രത്തിൽ പരസ്യപ്പെടുത്തി ആയതിൻ്റെ പകർപ്പ് ഈ കാര്യാലയത്തിൽ സമർപ്പിക്കുന്നതിന്.

5) ഡി.വൈ.എസ്.പി ഡി.സി.ആർ.ബി അറിവിനായി

5) ഡി.പി.സി യുടെ സി.എ & അഡീഷണൽ പോലീസ് സൂപ്രണ്ട് ,മലപ്പുറം അറിവിനായി .

6) ബന്ധപ്പെട്ട എല്ലാ സെക്ഷനുകൾക്കും & സൂപ്പർ വൈസറി ആഫീസ്സർ മാർക്കും അറിവിനും നടപടിക്കുമായി..

7) എച്ച്2 സ്റ്റോക്ക് ഫയൽ.

**ഉത്തരവ് നമ്പർ : H2-100211/2024/MM തീയതി. 23-03-2026**
**(H2/PR-04/2023/MM)**

വിഷയം : ശ്രീ.സുമേഷ് കുമാർ.വി (PEN:188804), സി.പി.ഒ 3691 എന്നവർക്കെതിരായ അച്ചടക്ക നടപടി -വാച്യാന്വേഷണം - അന്തിമ തീർപ്പ് കൽപ്പിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന : 1. 22-11-2022 തിയ്യതിയിലെ A5(b)-75318/2022/MM നമ്പർ ഉത്തരവ്.
2. 17-01-2023 തിയ്യതിയിലെ ജില്ലാ പോലീസ് മേധാവിയുടെ എച്ച്2/പി.ആർ/ 4 /2023/എം.എം. നമ്പർ ഉത്തരവ്.
3) വേങ്ങര ഐ.എസ്.എച്ച്.ഒ. 07.05.2025 തീയതി സമർപ്പിച്ച പി.ആർ മിനുറ്റ്സും അനുബന്ധ രേഖകളും.
4) ജില്ലാ പോലീസ് മേധാവിയുടെ 15-05-2025 തീയതിയിലെ എച്ച്2-100211/2024/എം.എം നമ്പർ നോട്ടീസ്.
5) ജില്ലാ പോലീസ് മേധാവിയുടെ 30-01-2026 തീയതിയിലെ എച്ച്2-100211/2024/എം.എം നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

ശ്രീ.സുമേഷ് കുമാർ.വി (PEN:188804), സി.പി.ഒ 3691 എന്ന സേനാംഗം വളാഞ്ചേരി പോലീസ് സ്റ്റേഷനിൽ ജോലിചെയ്തു വരവേ, 01/12/2012 തിയ്യതി മുതൽ ദീർഘകാല അവധിയിൽ പ്രവേശിക്കുകയും, അനുവദിച്ചിട്ടുള്ള അവധി കഴിഞ്ഞ് 01.10.2022 തിയ്യതി തിരികെ ജോലിയിൽ പ്രവേശിക്കേണ്ട സേനാംഗം, ജോലിയിൽ പ്രവേശിക്കാതെ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്ന സാഹചര്യത്തിൽ പോലീസ് സ്റ്റാൻഡിംഗ് ഓർഡർ 147, പി.എച്ച്.ക്യു സർക്കുലർ 22/74 എന്നിവ പ്രകാരം ശ്രീ.സുമേഷ് കുമാർ.വി യ്ക്ക് അനക്സർ 1, അനക്സർ 2 നോട്ടീസ് നല്കാൻ തയ്യാറാക്കിയിട്ടുള്ളതും, കുറ്റാരോപിതന്റെ ഭാര്യ മെമ്മോകൾ കൈപ്പറ്റുകയും ചെയ്തിട്ടുള്ളതുമാണ് ആയതിനു ശേഷം ടി സേനാംഗം ജോലിയിൽ പ്രവേശിക്കുകയോ മതിയായ കാരണങ്ങൾ ബോധിപ്പിക്കുകയോ ചെയ്യാത്തതിനാലും, മനപ്പൂർവ്വം ഡ്യൂട്ടിയിൽ നിന്ന് വിട്ടുനിന്നതിനാലും പോലീസ് സ്റ്റാൻഡിംഗ് ഓർഡർ 147 വകുപ്പ് പ്രകാരം 01.10.2022 തിയ്യതി മുതൽ പോലീസ് സേനയിൽ നിന്നും ടി സേനാംഗത്തെ ഒളിച്ചോടിപ്പോയവനായി പ്രഖ്യാപിച്ച സൂചന (1) പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

അച്ചടക്കസേനയിലെ ഉത്തരവാദിത്തപ്പെട്ട സേനാംഗമായ ശ്രീ. സുമേഷ് കുമാർ.വി അനധികൃതമായി സേനയിൽനിന്നും വിട്ടുനിൽക്കുക വഴി പോലീസ് ആക്ടിലെ ബന്ധപ്പെട്ട വകുപ്പുകൾ ലംഘിക്കുകയും, ശൂന്യവേതനാവധി അനുവദിച്ച ഉത്തരവുകളിലെ നിർദേശങ്ങൾ ലംഘിക്കുകയും, പാലിക്കപ്പെടാതിരിക്കുകയും ചെയ്തത് ടി സേനാംഗത്തിന്റെ ഭാഗത്തുനിന്നുമുണ്ടായ അച്ചടക്കലംഘനവും, കൃത്യവിലോപവും, നിരുത്തരവാദിത്തവുമാണെന്ന പ്രഥമദൃഷ്ട്യാ ബോധ്യമായതിൻറെ അടിസ്ഥാനത്തിൽ, ഈ കാര്യത്തിൽ കൂടുതൽ അന്വേഷണം വേണമെന്നുള്ളതിനാൽ ആരോപിത കുറ്റങ്ങളെക്കുറിച്ച് ടി സേനാംഗത്തിനെതിരായി 1958 ലെ കേരളാ പോലീസ് ഡിപ്പാർട്ട് മെൻറൽ എൻക്വയറീസ് പണിഷ്മെൻ്റ് ആൻറ് അപ്പീൽ റൂൾസ് പ്രകാരം വിശദമായ വാച്യാന്വേഷണം നടത്തുന്നതിന് ഇൻസ്പെക്ടർ എസ്.എച്ച്.ഒ വേങ്ങരയെ ചുമതലപ്പെടുത്തിക്കൊണ്ടു സൂചന (2)പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

ആരോപിക്കപ്പെട്ട കുറ്റങ്ങളെക്കുറിച്ച് വിശദമായ വാച്യാന്വേഷണം നടത്തി അന്വേഷണോദ്യോഗസ്ഥൻ സൂചന (3) പ്രകാരം അന്വേഷണ വിചാരണപത്രിക സമർപ്പിച്ചത് പ്രകാരം, പി.ആർ മിനുട്സ് പകർപ്പ് സഹിതം നോട്ടീസ് കുറ്റാരോപിതനു നൽകുന്നതിന് മേൽ വായന (4) പ്രകാരം തയ്യാറാക്കിയത് ശ്രീ.സുമേഷ് കുമാർ.വി എന്നയാൾ വിദേശത്ത് ആയതിനാൽ ഭാര്യ പ്രജിത കൈപ്പറ്റുകയും,ടി സേനാംഗം സമാധാനം ബോധിപ്പിക്കുകയോ ജോലിയിൽ പ്രവേശിക്കുകയോ ഉണ്ടായില്ല.

ഇതിൻറെ അടിസ്ഥാനത്തിൽ പി.ആർ മിനുട്ട്സിൽ അന്വേഷണ ഉദ്യോഗസ്ഥൻ കണ്ടെത്തിയ നിഗമനത്തോട് പൂർണ്ണമായും യോജിച്ചുകൊണ്ട് മേൽ കുറ്റത്തിനുള്ള ശിക്ഷയായി ശ്രീ.സുമേഷ് കുമാർ.വി (PEN:188804), സി.പി.ഒ 3691 എന്ന സേനാംഗത്തെ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിനായി (Removal from service) താത്കാലികമായി തീരുമാനിച്ച്, ടി തീരുമാനം സ്ഥിരപ്പെടുത്താതിരിക്കാൻ തക്ക എന്തെങ്കിലും ബോധിപ്പിക്കുന്നതിനാവശ്യപ്പെട്ട് സൂചന (5) പ്രകാരം ഒരു കാരണം കാണിക്കൽ നോട്ടീസ് കുറ്റാരോപിതന് നൽകിയിട്ടുള്ളതാണ്. ആയതിന് ടിയാൻ യാതൊരു സമാധാനവും ഈ കാര്യാലയത്തിൽ സമർപ്പിച്ചിട്ടില്ല . കാരണം കാണിക്കൽ നോട്ടീസ് പത്രത്തിൽ പ്രസിദ്ധപ്പെടുത്തുകയും, ഇലക്ട്രോണിക് മാധ്യമങ്ങൾ വഴി കുറ്റാരോപിതനെ അറിയിച്ചിട്ടുള്ളതുമാണ്.

മേൽ സാഹചര്യത്തിൽ ശ്രീ.സുമേഷ് കുമാർ.വി (PEN:188804), സി.പി.ഒ 3691 എന്ന സേനാംഗത്തിന് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ മേൽ താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നു. ആയത് പ്രകാരം ശ്രീ.സുമേഷ് കുമാർ.വി (PEN:188804), സി.പി.ഒ 3691. എന്ന സേനാംഗം അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്ന 01.10.2022 തിയ്യതി മുതൽ സർവീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് (Removed from service) ടിയാനെതിരായ അച്ചടക്ക നടപടിയിൽ തീർപ്പ കൽപിച്ച് ഇതിനാൽ ഉത്തരവാക്കുന്നു.

മേൽ ഉത്തരവിനെതിരായി കുറ്റാരോപിതന് തൃശ്ശൂർ മേഖലാ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസിന് മുൻപാകെ രണ്ട് മാസത്തിനകം അപ്പീൽ സമർപ്പിക്കാവുന്നതാണ്.

(ഒപ്പ്)
ചൈത്ര തെരേസ ജോൺ ഐ പി എസ്
ജില്ലാ പോലീസ് മേധാവി , മലപ്പുറം